## *നിലവിലെ സ്കൂളിന്റെ സ്ഥിതിവിവരക്കണക്ക്*

| | |
|---|---|
| സ്കൂളിന്റെ പേര് | : എ എം എൽ പി സ്കൂൾ കൈമലശ്ശേരി |
| സ്കൂൾ കോഡ് | :19722 |
| സ്കൂളിന്റെ മെയിൽ | : amlpskaimalassery@gmail.com |
| ഉപജില്ല | :തിരൂർ |
| പഞ്ചായത്ത് | :തൃപ്രങ്ങോട് |
| സി ആർ സി | :ചമ്രവട്ടം |
| ഹെഡ്മാസ്റ്റർ | :ശശികല എൻ നായർ |
| അധ്യാപകരുടെ എണ്ണം | :12 |
| കുട്ടികളുടെ എണ്ണം | : 177 |
| പ്രീ പ്രൈമറി കുട്ടികളുടെ എണ്ണം | :70 |
| പി ടി എ പ്രസിഡന്റിന്റെ പേര് | : ഷാഫി വാക്കയിൽ |
| എം ടി എ പ്രസിഡന്റിന്റെ പേര് | : ചിത്ര |

### നിലവിലുള്ള ഭൗതികസാഹചര്യം

പ്രീ കെ ഇ ആർ അടക്കം 12 ക്ലാസ് റൂമുകൾ ഉണ്ട്. എല്ലാ ക്ലാസ് റൂമുകളും വൈദ്യുതീകരിച്ചിട്ടുണ്ട് . ക്ലാസ് മുറികളിൽ ഇരിപ്പിടങ്ങളും ഡസ്കുകളും ഉണ്ട്. പ്രീ പ്രൈമറി ക്ലാസുകൾ ടൈൽസ് പതിച്ചവ ആണ് .5 ലാപ്ടോപ്പുകളും 3 എൽസിഡി പ്രൊജക്ടർ കളും പ്രിൻറർ,മൈക്ക് സെറ്റ് എന്നിവയും ഉണ്ട്.

പാചകപ്പുരയും അതിനോടനുബന്ധിച്ച് അതിനോടനുബന്ധിച്ച് സ്റ്റോ റൂ മും ഉണ്ട്. പ്രാഥമിക സൗകര്യങ്ങൾക്കായി മൂത്ര പുര, കക്കൂസ് എന്നിവയും പഞ്ചായത്ത് വക കിണറും പി ടി എ സഹകരണത്തോടെ നിർമ്മിച്ച ജലസംഭരണിയും പൈപ്പ് സംവിധാനവുമുണ്ട് .

### ഇനിയും കൈവരിക്കേണ്ട നേട്ടങ്ങൾ

ആകർഷകമായ സ്കൂൾകെട്ടിടം ,ഹൈടെക് മാതൃകയിൽ സജ്ജീകരിച്ച ക്ലാസുമുറികൾ, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ചുറ്റുമതിൽ കലാവാസന പരിപോഷിപ്പിക്കുന്നതിനായി സ്റ്റേജ് കം ഓഡിറ്റോറിയം എന്നിവ കൂടി ഒരുക്കേണ്ടതുണ്ട്

### അക്കാദമിക നേട്ടങ്ങൾ

പാഠ്യപാഠ്യേതര രംഗങ്ങളിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. പാ ദ അർദ്ധവാർഷിക മൂല്യനിർണങ്ങളിൽ മികച്ച ഗ്രേഡ് നേടിയിട്ടുണ്ട്.

### പരിമിതികൾ

എൽ എസ് എസ് പോലെയുള്ള മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്.ക്ലാസ്സ്ലൈബ്രറികൾ കൂടുതൽ.മെച്ചപ്പെടുത്തേണ്ടതുണ്ട് കുട്ടികളുടെ പഠന ത്തിൽ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ് പരിഗണിക്കേണ്ടതുണ്ട് .

1.**ഭാഷാശേഷി വികസനം**

ലക്ഷ്യം

1.കുട്ടികളിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന്

2. കുട്ടികളിൽ ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന്

3.അക്ഷരങ്ങൾ തിരിച്ചറിഞ്ഞ പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നതിനും എഴുതുന്നതിനും.

പ്രവർത്തനങ്ങൾ

അക്ഷര ചിത്രങ്ങൾ അക്ഷര പാട്ടുകൾ കളികൾ

അക്ഷര കാർഡുകൾ, അക്ഷരങ്ങൾ മാസികകളിൽ നിന്ന് കണ്ടെത്തി ഒട്ടിക്കൽ വർക്ക് ഷീറ്റുകൾ, ചിത്രങ്ങൾ ,പാട്ടുകൾ, ചിഹ്നങ്ങൾ തുടങ്ങിയവ അടങ്ങിയ കാർഡുകൾ, വർക്ക് ഷീറ്റുകൾ, കളികൾ ,പദ കാർഡുകൾ ഉപയോഗിച്ച്,വാക്കുകൾ നിർമ്മിക്കുക, ചിത്ര സഹായത്തോടെ വാക്കുകൾ നിർമ്മിക്കുക .ചിത്രങ്ങൾ നിരീക്ഷിച്ച് കഥകൾ പറയുക. സിഡിയിൽ ചിത്രം നൽകി വാക്യം എഴുതൽ ചിത്രങ്ങൾ നോക്കി കഥ എഴുതൽ ചിത്ര സഹായത്തോടെ കവിതയെഴുതൽ കവിതാ പൂരണം ,കഥാ പൂരണം, വായന കാർഡ് നിർമ്മാണം, അമ്മ വായന.

സാമഗ്രികൾ

ചിത്രങ്ങൾ ,വർക്ക്ഷീറ്റ് ,വായനക്കാർഡ് ,മാസികകൾ ,പിക്ച്ചർ ചാർട്ട് തുടങ്ങിയവ .

B വായന

ലക്ഷ്യങ്ങൾ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാർ ആക്കി മാറ്റുക

വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക

വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുന്ന തിന്

രചനാപരമായ കഴിവ് വളർത്തുന്നതിന്

സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി

പ്രവർത്തനങ്ങൾ

ഓരോ ക്ലാസിലെയും വായന ലക്ഷ്യം കണ്ടെത്തൽ (എസ് ആർ ജിയിൽ വായനയ്ക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നു

ക്ലാസ് ലൈബ്രറി സജ്ജീകരണം

നിലവിലുള്ള പുസ്തകങ്ങൾ പട്ടികപ്പെടുത്തുന്നു

ക്ലാസ് നിലവാരത്തിനനുസരിച്ച് ലൈബ്രറിയിൽ പുസ്തകങ്ങൾ ക്രമീകരിക്കുന്നു വായനക്കാർഡ് ,ചിത്രകഥകൾ, കുട്ടി കവിതകൾ ,എന്നിവ വായിച്ച് അവതരിപ്പിക്കൽ കൂട്ട വായന

വായനക്കുറിപ്പ് ചിട്ടപ്പെടുത്തുക ,പതി പ്പാക്കുക ,കവിത ,കഥ എന്നിവ സ്വയം രചിച്ച അവതരിപ്പിക്കുക

പത്ര ക്വിസ് മാസത്തിലൊരിക്കൽ

ആസ്വാദനക്കുറിപ്പ് ചിത്രവിവരണം

കഥയിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ

വർക്ക് ഷീറ്റ് ,പദപ്രശ്നം ,വായനാമത്സരം

പിറന്നാളിന് ഒരു പുസ്തകം

കൂടുതൽ പുസ്തകം വായിച്ച കുട്ടിയെ അനുമോദിക്കൽ

## 2. മേഖല - പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

ലക്ഷ്യങ്ങൾ- ഭിന്നശേഷിക്കാരായ കുട്ടികളുടെ പങ്കാളിത്തം പഠനപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുന്നു .

**പ്രവർത്തനങ്ങൾ**

കുത്തിട്ട് ചിത്രങ്ങൾ നൽകി കുത്തുകളിലൂടെ വരച്ച ചേർക്കൽ

കളർ കൊടുക്കൽ.

ചിത്രങ്ങൾ ചേർത്തുവായിക്കാൻ .

ചിത്രങ്ങൾ കൊടുത്ത് അനുയോജ്യമായ നിറം നൽകൽ .

സമാന ചിത്രം കാണിച്ചു കൊടുത്തു. ചിത്രങ്ങളുടെ കൂട്ടത്തിൽ നിന്നും നിർദേശിച്ചവ കണ്ടെത്തൽ .

വിവിധ വസ്തുക്കളും ചിത്രങ്ങളും താരതമ്യം ചെയ്തു വലുത് ചെറുത് തിരിച്ചറിയൽ.

വസ്തുക്കളുടെയും ചിത്രങ്ങളുടെയും പേര് പറയൽ.

അനുയോജ്യമായ കളികളിൽ പങ്കെടുക്കൽ. .

അക്ഷരങ്ങളുടെ ചിത്രം പതിപ്പിച്ച കാർഡ് കാണിച്ച് സമാനരീതിയിൽ വരയ്ക്കൽ .

## 3. മേഖല -ഇംഗ്ലീഷ് പഠനം

**ലക്ഷ്യങ്ങൾ**

ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റിയെടുക്കാൻ .

**പ്രവർത്തനങ്ങൾ**

ഇംഗ്ലീഷ് ക്ലാസ് റൂമിൽ ഇംഗ്ലീഷ് പഠന അന്തരീക്ഷം ഉണ്ടാക്കുന്നു

അദ്ധ്യാപക-വിദ്യാർത്ഥി ആശയവിനിമയം ഇംഗ്ലീഷിൽ നിർബന്ധമാക്കുന്നു.

ഇംഗ്ലീഷിന് ഉള്ള ഡിസ്പ്ലേ ബോർഡുകൾ എല്ലാ ക്ലാസിലും വയ്ക്കുന്നു

രാവിലെ 10 മിനിറ്റ് എല്ലാ ക്ലാസിലും വീട്ടുവിശേഷം പറയൽ ( Let us talk )

ഇംഗ്ളീഷ് യൂണിറ്റിൽ വരുന്ന കഥാപാത്രങ്ങളുടെ ചിത്രങ്ങൾ കൊണ്ട് കുട്ടികളുടെ ആശയവിനിമയം .

ഇംഗ്ലീഷ് അസംബ്ലി, പ്രാർത്ഥന ,വാർത്ത, പൊതു വിജ്ഞാനം, കടങ്കഥകൾ ,പ്രതിജ്ഞ, റോൾപ്ലേ

കോറിയോഗ്രാഫി ഇംഗ്ലീഷ് ചിത്ര പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു.

അധ്യാപികയുടെ സഹായത്തോടെ നിശ്ചിതസമയം നൽകി വായന. ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഇംഗ്ലീഷ് വീഡിയോകൾ, കഥകൾ തുടങ്ങിയവ എൽ സി ഡി യിൽ പ്രദർശിപ്പിക്കുന്നു.

## 4. മേഖല- ഫീൽഡ് ട്രിപ്പ് ,പഠനയാത്ര

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിന് ആയി പഠന യാത്രകൾ ക്രമീകരിക്കുന്നതിന് .

**പ്രവർത്തനങ്ങൾ**

ഫീൽഡ് ട്രിപ്പ് പഠനയാത്ര എന്നിവയ്ക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ കണ്ടെത്തുന്നു.

പ്രദേശത്തുള്ള പഠനയാത്ര സാധ്യതകൾ കണ്ടെത്തുന്നു.

പോസ്റ്റോഫീസ് ബാങ്ക് കൃഷിഭവൻ മുതലായവ.

പഠനയാത്രയുടെ ലക്ഷ്യം, ആവശ്യകത എന്നിവയെക്കുറിച്ച് ക്ലാസ് പി ടി എ യിൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

പഠന യാത്രയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം .

5. **മേഖല -ഹരിത മനോഹര വിദ്യാലയം**

**ലക്ഷ്യങ്ങൾ കൃഷിയോടും മണ്ണിനോടും സ്നേഹം വർദ്ധിപ്പിക്കുന്നു**

**സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം**

ഓണത്തിന് ഒരു മുറം പച്ചക്കറി (വീട്ടിൽ )

ഫലവൃക്ഷ തൈകളുടെ നടീലും സംരക്ഷണവും

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

പച്ചക്കറി തൈകൾ, മണ്ണിര കമ്പോസ്റ്റ്, ചാണകപ്പൊടി, കുമ്മായം

ഫലവൃക്ഷ തൈകൾ

കുട്ടികളിൽ പ്രകൃതി സ്നേഹം വളർത്തുന്നതിന് .

വിവിധ പാഠ്യവിഷയങ്ങൾ പരിസരവുമായി ബന്ധിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ

പരിസ്ഥിതി ദിനത്തിന് സ്കൂളിലെ ജൈവോദ്യാനത്തിന് തുടക്കമിടുന്നു .

പൂന്തോട്ട നിർമ്മാണം പരിപാലനം എന്നിവയ്ക്ക് കുട്ടികൾക്ക് തന്നെ ചുമതല നൽകുന്നു.

ഓരോ ക്ലാസിനും പൂന്തോട്ടം നിർമ്മിക്കാൻ ഉദ്യാനത്തിൽ നിശ്ചിത സ്ഥലം നൽകുന്നു.

അതു ക്ലാസ്സുകൾ തന്നെ അത് സംരക്ഷിക്കുന്നു

വ്യത്യസ്ത ഇനം ചെടികൾ നട്ടുപിടിപ്പിക്കുന്നു

ഔഷധച്ചെടികൾ ,പൂച്ചെടികൾ, ഇലച്ചെടികൾ, ശലഭ ചെടികൾ

കൃഷി ഓഫീസർ ക്ലാസ് നൽകൽ

പച്ചക്കറി കൃഷിക്കായി സ്ഥലം ഒരുക്കൽ

കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ .

കൃഷിഭവനിൽ നിന്നും വിത്ത്, തൈകൾ, വളം എന്നിവ വാങ്ങൽ .

കുട്ടികളുടെ പങ്കാളിത്തത്തോടെ കൃഷി ആരംഭിക്കുന്നു

കർഷകദിനത്തിൽ പ്രാദേശിക കർഷകരുടെ കൃഷി ക്ലാസ് ,അഭിമുഖം

## 6. മേഖല -അടിസ്ഥാന ശേഷി വികസനം- ഗണിതം

ലക്ഷ്യങ്ങൾ

1 മുതൽ 100 വരെയുള്ള സഖ്യകളുടെ സംഖ്യാബോധം ഉറപ്പിക്കുന്നതിനു .

പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്

ഉന്നതനിലവാരം കാരെ പ്രാപ്തരാക്കുന്നു.

പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് ഉന്നതനിലവാര കാരെ പ്രാപ്തരാക്കുന്നു

പ്രവർത്തനങ്ങൾ

സംഖ്യാമാല, സംഖ്യപാറ്റേണുകൾ കണ്ടെത്തൽ

സംഖ്യ കാർഡ് കൊണ്ട് കളി

വലുത് ചെറുത് മുന്നിൽ പിന്നിൽ

ആരോഹണക്രമത്തിൽ ആക്കാൻ

അവരോഹണക്രമത്തിൽ ആക്കൽ

100 വരെയുള്ള സംഖ്യകളെ സങ്കലന വ്യവകലന ക്രിയ കൊണ്ട് വ്യാഖ്യാനം

പാമ്പും കോണി കളി

ഡയസുകളെറിഞ്ഞു വീണ കളങ്ങളിലെ സംഖ്യകൾ തമ്മിൽ കൂട്ടുക.

എല്ലാകുട്ടികൾക്കും ഗണിതകിറ്റ് ,മഞ്ചാടി മുത്ത് ഈർക്കിൽ കളിനോട്ട് മുതലായവ

വ്യത്യസ്ത അളവുകളുമായി ബന്ധപ്പെട്ട യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു

മീറ്റർ, സെൻറീമീറ്റർ, ലിറ്റർ, മില്ലിലിറ്റർ, കിലോഗ്രാം, ഗ്രാം

സമയത്തിൻറെ വ്യത്യസ്ത യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. സെക്കൻഡ്, മിനിറ്റ്, മണിക്കൂർ

12 മണിക്കൂർ 24 മണിക്കൂർ ക്ലോക്ക് .രണ്ട് സമയങ്ങൾക്ക് ഇടയിലുള്ള സമയം കണ്ടെത്തൽ

ചുറ്റളവും ആയി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

**7. മേഖല: അസംബ്ലി**

1.എല്ലാ കുട്ടികൾക്കും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കാൻ 2.കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്

3.വേദി സഭാകമ്പം ഇല്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യുന്നു

പ്രവർത്തനങ്ങൾ

ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ അസംബ്ലി നടത്തുന്നു.

അസംബ്ലി ഇനങ്ങൾ അധ്യാപകരുടെ സഹായത്തോടെ എറ്റെടുത്തു് അവതരിപ്പിക്കുന്നു .

ക്ലാസ് നിലവാരത്തിനനുസരിച്ച് ഉള്ള ഇനങ്ങൾ അതാതു ക്ളാസുകാർക്കു നൽകുന്നു.

ജികെ, പത്രവായന, പരീക്ഷണം, കടങ്കഥ ,പഴഞ്ചൊല്ല് ,അക്ഷര കളികൾ, ഔഷധ സസ്യങ്ങൾ മുതലായവ.

എല്ലാ ക്ലാസിലെയും എല്ലാ കുട്ടികളെയും ഒരു ഇനത്തിൽ എങ്കിലും പങ്കെടുപ്പിക്കുന്നു.

ഭിന്ന നിലവാരക്കാർക്ക് പ്രത്യേക പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ.

ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പ്രത്യേക അസംബ്ലി .

### 8. മേഖല അക്കാദമിക നിലവാരത്തിന് ജനകീയ വിലയിരുത്തൽ.

ലക്ഷ്യങ്ങൾ

എല്ലാ പഠന നേട്ടങ്ങളും ഓരോ കുട്ടിയും ആർജിച്ചു എന്ന് ഉറപ്പുവരുത്തുക

വിലയിരുത്തൽ പ്രക്രിയയിൽ എല്ലാ രക്ഷകർത്താക്കളും പങ്കാളികളാക്കി ജനകീയ മോണിറ്ററിംഗ് സംവിധാനം .

പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അധ്യാപക രക്ഷകത്തൃ കൂട്ടായ്മയിലൂടെ പരിഹാരബോധനം

പ്രവർത്തനങ്ങൾ

അധ്യയന വർഷാരംഭത്തിൽ തന്നെ ഓരോ ക്ലാസിലും നേടിയിരിക്കേണ്ട പഠനനേട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.

ഓരോ കുട്ടിയും നേടിയതും ഇനിയും നേടാൻ ആയിട്ടുള്ള തുമായ നേട്ടങ്ങൾ വിലയിരുത്തി കണ്ടെത്തുന്നു .

രക്ഷിതാവിന് മനസ്സിലാക തക്കവിധം തയ്യാറാക്കൽ.

യൂണിറ്റ് ടെസ്റ്റ് നിർബന്ധമാക്കൽ .

പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തി നടത്തൽ

എൻറെ കുട്ടികൾ- പുസ്തകം- ഓരോ അധ്യാപകരെയും കൈവശം വേണം.
പഠനപ്രവർത്തനങ്ങളിൽ എവിടെ എങ്ങനെയെല്ലാം രക്ഷകർത്താവിന്റെ പിന്തുണ വേണം എന്ന് അധ്യാപകർ വിശദീകരിക്കുന്നു

പഠനനേട്ടങ്ങൾ (ഓരോ മാസവും) രക്ഷിതാവിന് കൈമാറൽ.

പ്രവേശനോത്സവ ദിനത്തിൽ ജൂൺ ജൂലൈ മാസത്തെ പഠന നേട്ടങ്ങൾ

ഒന്നാം ക്ലാസിലെ രക്ഷിതാക്കൾക്ക് നൽകൽ .

അടുത്ത സിപി ടി യെ യിൽ ക്ളാസ് പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനം

രക്ഷിതാക്കൾക്ക് കുട്ടിയുടെ കഴിവ് /പോരായ്മ മനസ്സിലാക്കാം .

പരിഹാര ബോധന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു.

**9.മേഖല  കമ്പ്യൂട്ടർ വിദ്യാഭ്യാസം**

ലക്ഷ്യങ്ങൾ

ആധുനിക സാങ്കേതികവിദ്യയിൽ പൊതുവിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർഥികൾ പിന്നിലല്ലെന്ന് ഉറപ്പുവരുത്തുക .

പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അധ്യാപക രക്ഷകർത്യ കൂട്ടായ്മയിലൂടെ പരിഹാരബോധനം

.

പ്രവർത്തനങ്ങൾ

അധ്യാപകർക്ക് കമ്പ്യൂട്ടർ പഠനത്തിൽ പരിശീലനം നൽകുന്നു.

ഐടി കോഡിനേറ്റർ സഹായത്തോടെ എല്ലാ അധ്യാപകർക്കും വിദ്യാലയ അധിഷ്ഠിതമായി വേണ്ട പരിശീലനം നൽകുന്നു

കുട്ടികൾക്കെല്ലാം നിശ്ചിതസമയം കിട്ടത്തക്കവിധം പരിശീലന കലണ്ടർ തയ്യാറാക്കുന്നു

ആഴ്ചയിൽ ഒരു പീരീഡ് അതതു വിഷയവുമായി വിഷയവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ സാധ്യതകൾ കണ്ടെത്തി ലിസ്റ്റ് ചെയ്യൽ

CPTA യിൽ കുട്ടികളുടെ  കമ്പ്യൂട്ടർ പഠനം( വിവിധ പാഠ്യവിഷയ സംബന്ധിയായി )വീഡിയോ പ്രദർശനം.

**10. മേഖല  കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം**

ലക്ഷ്യങ്ങൾ

1.എല്ലാ കുട്ടികളിലും ഏറിയും കുറഞ്ഞും ഉള്ള കലാ വാസനകളെ പരിപോഷിപ്പിക്കുന്നു

2.പ്രവർത്തിപരിചയ നൈപുണി കളിൽ എല്ലാവരും പ്രാവീണ്യം നേടാൻ അവസരമൊരുക്കുന്നു

3.കായിക ക്ഷമതയുള്ള തലമുറയെ വളർത്തുക

4.മേളകളിൽ പങ്കാളിത്തം ഉറപ്പാക്കുക

പ്രവർത്തനങ്ങൾ

എല്ലാ കുട്ടികൾക്കും കലാപരിപാടി അവതരിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഇനങ്ങൾ പട്ടികപ്പെടുത്തുന്നു

അസംബ്ലിയിൽ കവിതാലാപനം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ

നൽകുന്നു

ഓരോ ടേമിലും ചി ത്രകലാ ക്യാമ്പ് ,ബാലസഭ ,കരകൗശല ശില്പശാല എന്നിങ്ങനെ ഓരോ പ്രോഗ്രാം നടത്തുന്നു

സി പി ടി എ യിൽ കുട്ടികളുടെ ഉൽപന്നങ്ങളുടെ പ്രദർശനം

ഒന്നാം ക്ലാസ് മുതൽ പാഠഭാഗവുമായി ബന്ധപ്പെട്ട നോട്ട് ബുക്കിനെ ലേയൗട്ട് ഭംഗിയുള്ള താക്കൽ

നിർമ്മിക്കുന്നു.

കൊളാഷ് ഭൂപടങ്ങൾ

ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരളപ്പിറവി ,സ്വാതന്ത്ര്യ ദിനം തുടങ്ങിയവ

പരിശീലന ഇനങ്ങൾ കണ്ടെത്തി പ്രവർത്തന പദ്ധതി പട്ടികപ്പെടുത്തുന്നു

പ്രാദേശിക വിദഗ്ദരുടെ സേവനം ലഭ്യമാക്കുന്നു

ആവശ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു

ഷട്ടിൽ ,ബാറ്റ് ,സ്കിപ്പിംഗ് റോപ്പ് ,റിങ്, ഫുട്ബോൾ .

ഓണക്കാലത്ത് എസ എം സി P T A ചേർന്ന് നാടൻ കളികൾ ,കായിക മത്സരങ്ങൾ തുടങ്ങിയവ നടത്തുന്നു . സമ്മാനം നൽകുന്നു.

നിർമ്മാണപ്രവർത്തനങ്ങളിൽ പ്രദേശത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയുള്ള ക്യാമ്പ് നടത്തുന്നു.

സാഹിത്യ സമാജം നടത്തുന്നു

**11. മേഖല ലൈബ്രറി ശാക്തീകരണം**

ലക്ഷ്യങ്ങൾ

കുട്ടികളിലെ വായനാഭിരുചി വളർത്തൽ

കവി യെ കുറിച്ചും കവിതയെ കുറിച്ചും വ്യക്തമായ ധാരണ ഉണ്ടാക്കുക

വായനയെ കുട്ടികളുടെ ദൈനം ദിന ജീവിതവുമായി ബന്ധപ്പെടുത്തുന്നത് ആക്കുക

ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനുള്ള ധാരണ വളർത്തൽ

അമ്മ വായന പ്രോത്സാഹിപ്പിക്കൽ

കുട്ടികളുടെ ഭാവനാത്മകമായ കുറിപ്പുകൾ ,ലേഖനങ്ങൾ തുടങ്ങിയവ

സ്വതന്ത്രമായ അവതരിപ്പിക്കാൻ താല്പര്യം ജനിപ്പിക്കാൻ

കാലയളവ് ജൂൺ മുതൽ മാർച്ച് വരെ

സാമഗ്രികൾ ലൈബ്രറി പുസ്തകങ്ങൾ, വായന കാർഡ് ,ദിന പത്രങ്ങൾ ,മാസികകൾ

പ്രവർത്തനങ്ങൾ

ആഴ്ചയിൽ കുട്ടികൾക്കായി ഓരോ പുസ്തകങ്ങൾ നൽകുന്നു

അത് ഒരാഴ്ച കൊണ്ട് വായിക്കാൻ പറയുന്നു

ദിനവും വായനാ കാർഡുകൾ നൽകി വായിപ്പിക്കുന്ന

പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ,പത്രവാർത്തകൾ, വായനാ കാർഡുകൾ എന്നിവ നൽകുന്നു

വായനയിൽ നിന്ന് ലഭിച്ച വിവരങ്ങൾ ,അനുഭവങ്ങൾ ക്രോഡീകരിച്ച ലഘു ലേഖനങ്ങൾ ആക്കാൻ അവസരം നൽകുന്നു

ഒരാഴ്ചകൊണ്ട് വായിച്ച പുസ്തകം ആ ആഴ്ചയുടെ അവസാനം കൂട്ടുകാരുമായി ചർച്ച ചെയ്യാൻ അവസരം നൽകുന്നു

കുട്ടികൾക്ക് ആ ദിവസത്തെ ദിനപത്രങ്ങൾ അവരുടെ മാതാപിതാക്കളുടെ സഹായത്തോടെ വായിച്ച് പ്രധാന വാർത്തകൾ എഴുതി വരാൻ പറയുന്നു

പത്രവാർത്തകൾ, വായനാ ലേഖനങ്ങൾ നൽകൽ ,കുറിപ്പുകൾ ,ചെറുകഥകൾ തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം  നൽകൽ

വായനയിലൂടെ കണ്ടെത്തുന്ന പുതിയ പുതിയ വാക്കുകൾ ശേഖരിക്കാൻ അവസരം അതിൻറെ അർത്ഥങ്ങൾ കണ്ടെത്താൻ അവസരം

വായനയിലൂടെ ലഭിച്ച അനുഭവങ്ങൾ നമ്മുടെ ദൈനംദിന ജീവിതവുമായി എങ്ങനെ നല്ല രീതിയിൽ ഉപയോഗിക്കാം എന്നത് കുട്ടികളിൽ നിന്നും കണ്ടെത്തുന്നു. അവരെ അത് ദൈനംദിനജീവിതത്തിൽ ഉൾപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുന്നു .

**12. എൽ എസ് എസ്**

ലക്ഷ്യം

മികച്ച വിദ്യാർഥികളെ കൂടുതൽ പരിപോഷിപ്പിക്കാൻ

പ്രവർത്തനങ്ങൾ

1. കൃത്യമായി പരിശീലനം നൽകൽ /വർക്ക് ഷീറ്റുകൾ നൽകൽ

2.കൃത്യമായി വിലയിരുത്തൽ നടത്തി ആവശ്യമായ മേഖലകളിൽ സഹായം നൽകൽ

3.നിശ്ചിത ഇടവേളകളിൽ മോഡൽ പരീക്ഷകളുടെ നടത്തിപ്പ്

4.വേഗത വർദ്ധിപ്പിക്കുന്ന രീതിയിൽ മത്സര പരീക്ഷകൾ നടത്തൽ

5.ഓഫ്‌ലൈൻ ക്ലാസുകളുടെ കൂടെ ഓൺലൈൻ ക്ളാസുകളുടെയും പരീക്ഷയുടെയും നടത്തിപ്പ്

6.രക്ഷിതാക്കളുടെ പങ്കാളിത്തം

കാലയളവ് -ആഗസ്റ്റ് -ഫെബ്രുവരി

സാമഗ്രികൾ

വർക് ഷീറ്റ് ,മുൻ വർഷത്തെ ചോദ്യപേപ്പർ ,എൽഎസ്എസ് പഠനസഹായികൾ

പിന്തുണ

അധ്യാപകർ ,രക്ഷാകർത്താക്കൾ

# അക്കാദമിക്മാസ്റ്റർ പ്ലാൻ
# അധ്യയന വർഷം(2023-24)

## എഎംഎൽപി സ്കൂൾ
## കൈമലശ്ശേരി